പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 3

# 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 3

# 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ

630/2016.

# 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ

1951-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി ഏഴാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 1951 ഒക്ടോബർ 11-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ആക്റ്റിലെ, 2-ാം വകുപ്പ്, (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) യാതൊരാളും, അയാൾ ഭരണപരിഷ്കരണ കമ്മിഷൻ ചെയർമാന്റെ ഔദ്യോഗിക സ്ഥാനം വഹിക്കുന്നുവെന്നോ അല്ലെങ്കിൽ വഹിച്ചിരുന്നുവെന്നോ ഉള്ള കാരണത്താൽ മാത്രം സംസ്ഥാന നിയമസഭയിലെ ഒരു അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ ഒരംഗമായി തുടരുന്നതിനോ അയോഗ്യനാക്കപ്പെടുകയോ അയോഗ്യനാക്കപ്പെട്ടു എന്ന് ഒരിക്കലും കരുതപ്പെടുകയോ ചെയ്യുന്നതല്ല.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, "ഭരണപരിഷ്കരണ കമ്മിഷൻ" എന്നാൽ, ഭരണനിർവ്വഹണത്തിന്റെ വിവിധ വശങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനും അത് മെച്ചപ്പെടുത്തുന്നതിനും നടപടികൾ നിർദ്ദേശിക്കുന്നതിനുമായി സംസ്ഥാന സർക്കാർ, കാലാകാലങ്ങളിൽ, രൂപീകരിക്കുന്ന വിദഗ്ദ്ധന്മാരുടെ ഒരു സംഘം എന്നർത്ഥമാകുന്നു."

630/2016.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഭാരതത്തിന്റെ ഭരണഘടനയുടെ 191-ാം അനുച്ഛേദം (1)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം, ഭാരത സർക്കാരിന്റേയോ ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സംസ്ഥാന സർക്കാരിന്റേയോ കീഴിൽ, ഏത് ഉദ്യോഗം വഹിക്കുന്ന ആളെ ആണോ അയോഗ്യനാക്കുകയില്ലെന്ന് ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം നിയമംവഴി പ്രഖ്യാപിച്ചിട്ടുള്ളത് അങ്ങനെയുള്ള ഒരു ഉദ്യോഗമല്ലാതെ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഒരാൾ ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലേയോ നിയമസമിതി യിലേയോ ഒരംഗമായി തെരഞ്ഞെടുക്കപ്പെടുവാനും, ഒരംഗമായിരിക്കുവാനും, അയോഗ്യനാക്കുന്നതാണ്. ചില ആദായകരമായ ഉദ്യോഗങ്ങൾ വഹിക്കുന്നവർ കേരള നിയമസഭയുടെ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുവാനും അംഗങ്ങളായിരിക്കുവാനും അയോഗ്യരാകുന്നതല്ല എന്ന് പ്രഖ്യാപിക്കുന്നതിനായി ഭാരതത്തിന്റെ ഭരണഘടനയുടെ 191-ാം അനുച്ഛേദം (1)-ാം ഖണ്ഡം (എ) ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്ന പ്രകാരം 1951-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ആക്റ്റ് പാസ്സാക്കുകയുണ്ടായി. ഇതിനുശേഷം ആക്റ്റ് എന്ന് പരാമർശിക്കപ്പെടുന്നതാണ്.

പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരെ ആദായകരമായ ഉദ്യോഗത്തിൻ കീഴിലെ അയോഗ്യതയിൽ നിന്നും ഒഴിവാക്കുന്നതിനായി മേൽപ്പറഞ്ഞ ആക്റ്റ് 2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ആക്റ്റ് പ്രകാരം ഭേദഗതി ചെയ്തു. നിയമസഭയിലെ ഏതെങ്കിലും ഒരംഗത്തെ ഭരണപരിഷ്കരണ കമ്മിഷന്റെ ചെയർമാനായി നിയമിക്കുന്ന സംഗതിയിൽ അപ്രകാരമുള്ള നിയമനം ലഭിച്ച അംഗം നിയമസഭാംഗമായി തുടരുവാൻ അയോഗ്യനാകുന്നതാണ്. അതിനാൽ അപ്രകാരമുള്ള അയോഗ്യത നീക്കം ചെയ്യുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടി 1951-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എ. കെ. ബാലൻ

(ശരിത്തർജ്ജമ)

## 1951-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ആക്റ്റിൽനിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1951-ലെ XV)

*** *** *** ***

2. അംഗത്വത്തിനുള്ള ചില അയോഗ്യതകൾ നീക്കം ചെയ്യൽ.—(1)

*** *** *** ***

(2) യാതൊരാളും,—

(i) അയാൾ സർക്കാർ കമ്പനിയിലെ ചെയർമാൻ പദവി വഹിക്കുന്നുണ്ടെന്നോ അല്ലെങ്കിൽ വഹിച്ചിട്ടുണ്ടെന്നോ; അല്ലെങ്കിൽ

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി "സർക്കാർ കമ്പനി" എന്നാൽ അമ്പത്തിയൊന്ന് ശതമാനത്തിൽ കുറയാതെയുള്ള കൊടുത്തുതീർത്ത ഓഹരി മൂലധനം കേരള സർക്കാരോ അല്ലെങ്കിൽ കേന്ദ്ര സർക്കാരോ കേരള സർക്കാരോ സംയുക്തമായോ കൈവശം വച്ചിട്ടുള്ള ഒരു 'സർക്കാർ കമ്പനി' എന്നർത്ഥമാകുന്നതും അതിൽ അപ്രകാരമുള്ള ഏതെങ്കിലും കമ്പനിയുടെ സബ്സിഡിയറി കമ്പനി ഉൾപ്പെടുന്നതുമാകുന്നു;

(ii) കേരള സർക്കാരിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ ഉള്ളതും ഏതെങ്കിലും കേന്ദ്ര ആക്റ്റോ സംസ്ഥാന ആക്റ്റോ പ്രകാരം സ്ഥാപിക്കപ്പെട്ടതോ രൂപീകരിക്കപ്പെട്ടതോ ആയ ഒരു കോർപ്പറേഷന്റെ ചെയർമാൻ പദവി വഹിക്കുന്നുണ്ടെന്നോ അല്ലെങ്കിൽ വഹിച്ചിട്ടുണ്ടെന്നോ,—

ഉള്ള കാരണത്താൽ മാത്രം സംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനോ ഒരംഗമാകുന്നതിനോ അയോഗ്യനാക്കപ്പെടുകയോ അയോഗ്യനാക്കപ്പെടുമെന്ന് കരുതപ്പെടുകയോ ചെയ്യുന്നതല്ല.

*** *** *** ***

---